## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. T *266 — 10.03.2017-ൽ മറുപടിക്ക്

### തണ്ണീർത്തടങ്ങളിലെ കയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മമ്മൂട്ടി<br>,, പി.കെ.അബ്ദു റബ്ബ്<br>ഡോ.എം. കെ. മുനീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ എന്നിവ ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളിലുള്ള കയ്യേറ്റം മൂലമുള്ള വിസ്തീർണ്ണ വ്യതിയാനം, വിവിധ ജില്ലകളിൽ നടത്തിയ റീസർവ്വെ നടപടികളിലൂടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ വിസ്തീർണ്ണ വ്യതിയാനം റീസർവ്വെ നടപടികളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.<br>തൃശ്ശൂർ ജില്ലയിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. റീസർവ്വെ പൂർത്തീകരിച്ച വില്ലേജുകളിൽ കായലുകൾ, തടാകങ്ങൾ എന്നിവയിലെ വിസ്തീർണ്ണ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പത്തനംതിട്ട, ഇടുക്കി, വയനാട്, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വിസ്തീർണ്ണ വ്യതിയാനം റീസർവ്വെ നടപടികളിലൂടെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | കേരളപ്പിറവിക്കുശേഷം കായലു കളുടെയും കുളങ്ങളുടെയും വിസ്തൃതിയിൽ, പകുതിയിലധികം കുറവു വന്നിട്ടുള്ളതായ ആക്ഷേപം നിലനിൽക്കുന്ന സാഹചര്യ ത്തിൽ ഇക്കാര്യം ഗൗരവപൂർവ്വം പരിശോധിക്കുമോ; | (ബി) | ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്. കായലുകളും, കുളങ്ങളും ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളിലെ കയ്യേറ്റം ശ്രദ്ധയിൽ പ്പെടുന്ന കേസുകളിൽ ആയത് നിക്ഷിപ്ത മായിരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഭൂസംരക്ഷണ നിയമ പ്രകാരവും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരവും ശക്തമായ നടപടി സ്വീകരിച്ച് കയ്യേറ്റം ഒഴിവാക്കി പൂർവ്വസ്ഥിതിയിൽ സംരക്ഷി ക്കുന്നതിന് ഉത്തരവു നൽകുകയും ആയ തിന് വിസമ്മതിക്കുന്നവരുടെ പേരിൽ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിന് സി.ജെ.എം കോടതിയിൽ കേസുകളും രജിസ്റ്റർ ചെയ്തു വരുന്നു. |
| (സി) | രേഖകൾ പരിശോധിച്ചും ജില്ലാ ഭരണകൂടത്തിന്റെ സഹായ ത്താലും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് അവ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്ത മാക്കുമോ? | (സി) | 23.05.2016-ലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (റവന്യൂ) 25/ACS/Rec/ 16-ാം നമ്പർ നോട്ടിലെ നിർദ്ദേശ പ്രകാരം കൊല്ലം ജില്ലയിൽ കായൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനു രേഖകൾ പരിശോധിച്ച നടപടി സ്വീകരിക്കുന്നതിന് Land Resumption Squad-നെ രൂപീകരിച്ച പ്രവർത്തിച്ചും, കയ്യേറ്റം അളന്നു നിർണ്ണയിക്കുന്നതിനു സ്പെഷ്യൽ സർവ്വെ ടീമിനെ നിയോഗിച്ചും നടപടി സ്വീകരിച്ചു വരുന്നു.<br><br>എറണാകുളം ജില്ലയിൽ കായലുകളിലേയും തണ്ണീർത്തടങ്ങളി ലേയും കയ്യേറ്റം നിലവിലെ സർവ്വെ |

രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് ആയത് ഒഴിവാക്കി പൂർവ്വസ്ഥിതിയിൽ സംരക്ഷിക്കുന്നതിന് എറണാകുളം സർവ്വേ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

മറ്റ് ജില്ലകളിലും ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശാനുസരണം ജില്ല, താലൂക്ക് തലങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കയ്യേറ്റം ഒഴിപ്പിച്ച് അവ സംരക്ഷിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ